Draft #1 of File 105637/AC A1-3/2021/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 09-Aug-2021 12:19 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് സർക്കാർ ഉത്തരവിനനുസൃതമായി 2021-22 വർഷം സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും ഒരു കോഴ്സിന് 7,500 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിനും തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3867/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 09.08.2021

---

*പരാമർശം:*-1. സർവ്വകലാശാല വിജ്ഞാപനം.നം.84049/ACA1-3/2021/VC SECTION തീയതി 06.06.2021

2. സർക്കാർ ഉത്തരവ് (സാധാ)നം.1011/2021/ഉ.വി.വ തീയതി 05.08.2021

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് താഴെപ്പറയുന്ന രീതിയിൽ 2021-22 വർഷം മാർജിനൽ വർദ്ധനവ് അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

- ബിരുദ പ്രോഗ്രാമുകൾക്ക് 25% പരമാവധി 70 സീറ്റ് വരെ.
- ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 25% പരമാവധി 30 സീറ്റ് വരെ

ഉന്നത വിദ്യാഭ്യാസ വകുപ്പ്, പരാമർശം (2) പ്രകാരം സംസ്ഥാനത്തെ മുഴുവൻ ആർട്സ് & സയൻസ് കോളേജുകളിലും ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് അനുവദനീയമായ സീറ്റുകളിലേയ്ക്ക്, കോളേജുകളുടെ സൗകര്യമനുസരിച്ച് 2021-22 അദ്ധ്യയന വർഷം താഴെപ്പറയും പ്രകാരം വർദ്ധനവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1. ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റ് വരെ വർദ്ധനവ് നൽകാവുന്നതാണ്.

2. സയൻസ് വിഷയങ്ങൾക്ക് പരമാവധി 25 സീറ്റുകൾ എന്ന രീതിയിലും, ആർട്സ്-കോമേഴ്സ് വിഷയങ്ങൾക്ക് പരമാവധി 30 സീറ്റുകൾ എന്ന രീതിയിലും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് വർദ്ധനവ് നൽകാവുന്നതാണ്.

3.ഏതെങ്കിലും പ്രോഗ്രാമിന് ഇതിൽ കൂടുതൽ സീറ്റുകൾ നിലവിൽ അനുവദിച്ചിട്ടുണ്ടെങ്കിൽ അത് തുടർന്നും ലഭ്യമാക്കാവുന്നതാണ്.

4. ബന്ധപ്പെട്ട കോളേജുകൾക്ക് അധിക സീറ്റ് വേണമോ എന്ന് തിരുമാനിക്കാവുന്നതാണ്.

5. സർവ്വകലാശാലകൾ അടിയന്തിരമായി, കോളേജുകളുടെ സൗകര്യമനുസരിച്ചും നിലവിലുള്ള നിയമ പ്രകാരവും സർക്കാരിന് അധിക ധനബാധ്യത ഉണ്ടാകാത്ത രീതിയിലും അധിക സീറ്റുകൾ ഈ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അക്കാദമിക വർഷം തന്നെ അനുവദിക്കുകയും ഇത് ഈ വർഷത്തെ അലോട്മെന്റിൽ പ്രവേശനത്തിനായി ഉൾപെടുത്തേണ്ടതുമാണ്.

മാർജിനൽ വർദ്ധനവ് ലഭിച്ചതിനുശേഷവും അധികസീറ്റുകൾ ആവശ്യമുള്ള കോളേജുകൾക്ക് സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന പരിധിക്കകത്തു നിന്നു കൊണ്ട് 2021-22 അക്കാദമിക വർഷത്തേക്ക് മാത്രമായി സീറ്റുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും ഒരു കോഴ്സിന് 7,500/- (ഏഴായിരത്തി അഞ്ഞൂറ്) രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് വൈസ്-ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ,പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർ
2.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ.
3. അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ ജോയിന്റ് രജിസ്ട്രാർ(അക്കാദമിക്)
4. എ സി എ 1 / എ സി ബി 6 / എസി.എ7/എസി.ബി7/ CITAD
5 പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/യൂണിവേഴ്സിറ്റി വെബ് സൈറ്റ്
6.സ്റ്റോക്ക് ഫയൽ/റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 105637/AC A1-3/2021/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 09-Aug-2021 12:19 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം